VAIDYARATNAM P.S. VARIER'S

# ARYA VAIDYA SALA, KOTTAKKAL

Kottakkal-676 503, Malappuram Dist. Kerala, India. Tel: 0483-2808000, 2742216-19 Fax: 0483-2742572, 2742210
E-mail: mail@aryavaidyasala.com Website: www.aryavaidyasala.com



Vaidyaratnam P.S. Varier

സെപ്റ്റംബർ 17, 2020

ആര്യവൈദ്യ ഫാർമസിയുടെ അമരക്കാരനും ആയുർവേദരംഗത്ത് തലമുറകളെ പ്രചോദിപ്പിച്ച സംഘാടകനുമായിരുന്നു ശ്രീ. പി.ആർ. കൃഷ്ണകുമാർ. നികത്താനാവാത്ത വലിയൊരു ശൂന്യത സൃഷ്ടിച്ചുകൊണ്ടാണ് അദ്ദേഹം വിട വാങ്ങിയത്.

കൃഷ്ണകുമാർ വ്യക്തിപരമായി എനിക്ക് സഹോദരതുല്യനാണ്. കുട്ടിക്കാലം മുതൽക്കുതന്നെ നന്നായി പരസ്പരം അറിയുന്നവരാണ് ഞങ്ങൾ. എന്തിലും ഏതിലും കൗതുകപൂർവം ഇടപ്പെടുന്ന ശീലം അന്നുമുതൽതന്നെ അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഞങ്ങൾക്കിടയിലെല്ലാം 'അനിയൻ' എന്നാണ് കൃഷ്ണകുമാർ അറിയപ്പെടുന്നത്.

ആയുർവേദം, വേദാന്തം, ഭാരതീയപൈതൃകം, യോഗ, കലകൾ തുടങ്ങിയ വൈവിധ്യ പൂർണമായ മേഖലകളിൽ അദ്ദേഹം സദാസജീവമായി ഇടപെട്ടുകൊണ്ടിരുന്നു. ഭരണാധികാരികൾ, രാഷ്ട്രീയപ്രവർത്തകർ, കലാകാരന്മാർ, വേദാന്തികൾ, സംഗീതജ്ഞർ തുടങ്ങി ജീവിതത്തിന്റെ സമസ്തമേഖലകളെയും പ്രതിനിധാനം ചെയ്യുന്നവരുമായി ഊഷ്മളമായ സൗഹൃദം 'അനിയന്' ഉണ്ടായിരുന്നു.

ആയുർവേദത്തിന് ലോകമെമ്പാടും വലിയ അംഗീകാരവും പ്രശസ്തിയും കൈവന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ 'അനിയന്റെ' ദേഹവിയോഗം സൃഷ്ടിച്ച വിടവ് ഏറെ വലുതാണ്.

'അനിയന്റെ' ദേഹവിയോഗത്തിൽ അഗാധമായി ദുഃഖിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ, ബന്ധുക്കൾ, സഹപ്രവർത്തകർ, ആര്യവൈദ്യഫാർമസിയിലെ ജീവനക്കാർ എന്നിവരെ അനുശോചനം അറിയിക്കുന്നു.

P. Madhavankutty

പി.എം. വാരിയർ
ചീഫ് ഫിസിഷ്യൻ& ട്രസ്റ്റി